# SPECTRUM
# 2020



HOLY FAMILY G H S

LITTLE KITES

# HOLY FAMILY GHS KAINAKARY
# 2019-2020

HOLY FAMILY G H S



HOLY FAMILY G H S

# ഭാരതത്തിന്റെ വിദ്യാദർശനശില്പി

# വിശുദ്ധ ചാവറ കുര്യാക്കോസ്

# ഏലിയാസ് പിതാവേ

# നമോവാകം...!



HOLY FAMILY G H S





## സ്കൂൾ മാനേജർ

## റവ.സി.ഫ്ലവർലറ്റ് സി.എം.സി.




# റവ.സി.അർച്ചന സി.എം.സി.

# (ഹെഡ്മിസ്ട്രസ്സ്)

# ആശംസ...!

2019-2020 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ പൂർണമാകുന്ന വേളയിൽ 20 കുട്ടികളുടെയും പരിശ്രമങ്ങളെ അഭിനന്ദി ക്കാതെ വയ്യ. ഒരു വർഷക്കാലത്തെ ചിട്ടയായ പരിശീലനത്തിലൂടെ അവർ നേടിയെടുത്ത അറിവുകൾ വരും കാലത്ത് മുതൽക്കൂട്ടാകു മെന്നതിൽ സംശയമില്ല. ഈ മാഗസിന്റെ പൂർത്തീകരണത്തിൽ തങ്ങളുടേതായ പങ്ക് വഹിച്ച എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും ഹൃദയപൂർവ്വം ആശംസകൾ .

LITTLE KITES



HOLY FAMILY G H S



വശ്യ സുന്ദരം ഈ ഗ്രാമം....

കൈനകരി....



# എഡിറ്റോറിയൽ ബോർഡ്

# അംഗങ്ങൾ









## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

1. ഷെൻസി മോൾ ഷൈബു
2. ഷൈബി ബാബു
3. ദേവിക ബിജു
4. ശ്വേത വിനോദ്
5. സ്നേഹ മരിയ ചാക്കോ
6. ആര്യ കെ സി
7. ബ്ലെസ്സി മോൾ തോമസ്
8. ആവണി എസ്
9. ഗോപിക ജെ സുനിൽ
10. അനുപ്രിയ എസ്

# എഡിറ്റോറിയൽ

കൈനകരിയിലെ തലമുറകൾക്കാകെ അക്ഷര വെളിച്ചം പകർന്നു നൽകിയ ഹോളി ഫാമിലി ഗേൾസ് ഹൈസ്കൂൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ '<u>സ്പെക്ട്രം</u>'. അറിവിന്റെ പുതിയ പുഷ്പങ്ങൾ വിരിയിക്കാൻ ഡിജിറ്റൽ യുഗം നമുക്ക് വേദിയൊരുക്കുന്നു. ഇരുപത് കുട്ടികൾ അടങ്ങുന്ന ഒരു പ്രവർത്തന ക്ലബാണ് ലിറ്റിൽ കൈറ്റ്സ്. വിവര സാങ്കേതിക യുഗത്തിൽ അറിവ് നേടുന്ന ഞങ്ങൾ നാടിന്റെ മിന്നും പ്രതിഭകളായി മാറുന്നു. ഈ മാഗസിന്റെ പഠിപ്പുരയിൽ ഞാനും നീയുമില്ല നമ്മൾ മാത്രമാകുന്നു. ആഴക്കടലിൽ മുങ്ങിത്തപ്പിയ മുത്തുച്ചിപ്പികൾ പോലെ ഐ.ടി മേഖലകളിലെ ഞങ്ങളുടെ കഴിവിനെ തപ്പിയെടുത്ത് അതിജീവനത്തിലൂടെ തളരാതെ കുതിച്ച് കയറിയ നാളുകൾ. തെറ്റാത്ത ഓരോ ചുവടുവെപ്പിലും ശരിയായ ഓരോ മാർഗ്ഗത്തിലും പുഞ്ചിരി യോടെ മുന്നിൽ നിന്നത് ഞങ്ങളുടെ അദ്ധ്യാപകരാണ്. അതുപോലെ തന്നെ ഈ മാഗസിന്റെ പൂർത്തീകരണത്തിന് ഞങ്ങളറിയാതെതന്നെ ഞങ്ങളോടൊപ്പം നിന്ന്



**അനുഗ്രഹിച്ചത് വി. തിരുക്കുടുംബമാണ്.**

**കാര്യങ്ങൾ ശ്രദ്ധിച്ച് ഒറ്റക്കെട്ടായി നിന്നു... ഞങ്ങൾ ഇരുപതുപേരും. ഒറ്റപ്പെട്ട് നിൽക്കാതെയുള്ള കൂട്ടായ പ്രവർത്തനമാണ് ഞങ്ങളുടെ വിജയത്തിന്റെ ചവിട്ടുപടി. ഗുരുനാഥന്മാരുടെ സഹായത്തോടെ ഞങ്ങൾ ചവിട്ടിക്കയറിയ പടികൾ വിവര സാങ്കേതിക മേഖലയിൽ ഞങ്ങൾക്ക് അറിയാൻ സാധിച്ച പുതിയ അറിവിന്റെ പടവുകളാണ്. അറിവുകൾ നേടി ജയിച്ച് മുന്നേറാനുള്ള ആവേശം ഡിജിറ്റൽ യുഗത്തിലെ അറിവുകളെ ഓരോരുത്തരുടെ മനസ്സിൽ ഉൾക്കോള്ളിച്ചുകൊണ്ട് ഉത്ഭവിച്ച ഒരു സൃഷ്ടിയാണ് ഈ ഡിജിറ്റൽ മാഗസീൻ....'സ്പെക്ട്രം'. ഇതിൽ പങ്കാളികളായ ഗുരുശ്രേഷ്ഠർക്കും എന്റെ കൂട്ടുകാർക്കും നന്ദി.....!**

LITTLE KITES

# ഉള്ളടക്കം

ആമുഖം

കൈറ്റ്സ് അംഗങ്ങൾ

ചീഫ്എഡിറ്റർ

സബ് എഡിറ്റേഴ്സ്

ആർട്ട് വർക്കേഴ്സ്

അഹംഭാവം വെടിയണം

സത്യസന്ധനായ ബാലൻ

ഭൂമിയിലേക്ക് ഒരു യാത്ര

കുടുംബം ഒരു വിദ്യാലയം

വിദ്യാഭ്യാസം

എന്റെ യാത്ര

നഷ്ടസ്വപ്നം

വർത്തമാന പത്രങ്ങളുടെ പ്രാധാന്യം

പുസ്തക പാരായണം

LITTLE KITES

തിസ്യൂസ്

പ്രകൃതി കനിഞ്ഞു നൽകിയ നാട്

തടസ്സങ്ങളെ അതിജീവിക്കാം

മിന്നാമിനുങ്ങ്

പ്രകൃതി മാറിക്കൊണ്ടിരിക്കുന്നു

ജീവന്റെ ഉത്ഭവം കടലിൽ നിന്ന്

മായാവർണ്ണങ്ങൾ

മാറിക്കൊണ്ടിരിക്കുന്ന പ്രകൃതി

കൈറ്റ്സിലൂടെ വിജയത്തിലേക്ക്

LITTLE KITES

# ആമുഖം

സാങ്കേതിക വിദ്യകൾ ദിനംതോറും വർദ്ധിച്ചു വരികയാണ്. മുതിർന്നവരേക്കാളേറെ കുട്ടികളാണ് ഇന്ന് അവ ഉപയോഗിക്കുന്നത്. അത്തരത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന സംഘടനയിലെ അംഗങ്ങളായ ഹോളി ഫാമിലി സ്കൂളിലെ വിദ്യാർത്ഥികൾ ഒരു മാഗസിൻ തയ്യാറാക്കി .... ...സ്പെക്ട്രം. ഈ മാഗസിൻ ഒരു സ്വപ്നസാക്ഷാത്കാരമാണ്. ഇതിന്റെ ചീഫ് എഡിറ്റർ അനുപ്രിയ ബിജു . ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ എല്ലാ വിദ്യാർത്ഥികളും അവരുടെ കഴിവുകൾ മാഗസിനായി വിനിയോഗിച്ചിട്ടുണ്ട്. കഥകളായും കവിതകളായും ലേഖനങ്ങളായും ചിത്രങ്ങളായും അവരുടെ കാവ്യപരവും സാങ്കേതികവുമായ കഴിവുകളെ സമഗ്രവും കൃത്യവുമായ രീതിയിൽ മാഗസിനിൽ ഉൾക്കൊള്ളിക്കാൻ എല്ലാ അംഗങ്ങളും പ്രത്യേകം ശ്രദ്ധ പുലർത്തി. ഈ മാഗസിനു വേണ്ടി അകമഴിഞ്ഞ് അദ്ധ്വാനിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും കൈറ്റ്സ് മിസ്ട്രസ്മാരായ ലിനി ടീച്ചറിനും റോസ്മി സിസ്റ്ററിനും അഭിനന്ദനങ്ങൾ.

HOLY FAMILY G H S



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

| | |
|---|---|
| അനുപ്രിയ ബിജു | അനുപ്രിയ എസ് |
| സ്നേഹ മരിയ ചാക്കൊ | ആദിത്യ കൃഷ്ണ ജെ |
| ശ്വേത വിനോദ് | ഗോപിക ജെ സുനിൽ |
| ജോയിസി ജോമോൻ | ലയ കാതറിൻ പൈലൊ |
| ശ്രീനന്ദന എസ് | ആവണി എസ് |
| സോനാ മോൾ വർഗ്ഗീസ് | ബ്ലെസ്സി മോൾ തോമസ് |
| അഞ്ജന പി എസ് | ഷൈബി ബാബു |
| വിഷ്ണുപ്രിയ രഞ്ജിത്ത് | ദേവിക ബിജു |
| അമല മേരി ജോൺ | ലക്ഷ്മി ദേവി എസ് |
| ഷെൻസിമോൾ ഷൈബു | ആര്യ കെ സി |

TITLE

HOLY FAMILY G H S

# ചീഫ് എഡിറ്റർ

## അനുപ്രിയ ബിജു





## സബ് എഡിറ്റേഴ്സ്

ആദിത്യകൃഷ്ണ ജെ

വിഷ്ണുപ്രിയ രഞ്ജിത്ത്

HOLY FAMILY G H S



# ആർട്ട് വർക്കേഴ്സ്

അഞ്ജന പി എസ്

ശ്രീനന്ദന എസ്

ലക്ഷ്മി ദേവി എസ്



HOLY FAMILY G H S



അമല മേരി ജോൺ

ജോയിസിജോമോൻ

സോനാമോൾ വർഗ്ഗീസ്

ലയ കാതറിൻ പൈലൊ



# സത്യസന്ധനായ ബാലൻ



ഉദയഗിരി സാമ്രാജ്യത്തിന്റെ തലവനായിരുന്ന വിദ്യാധര ചക്രവർത്തി പ്രജ കളോട് അലിവും സ്നേഹവും രാജ്യത്തോട്നീതിയും പുലർത്തിയിരുന്നു. അദ്ദേഹം പ്രജകൾക്ക് ഏറെ പ്രിയപ്പെട്ടവനായിരുന്നു. ഭാര്യ റാണിദേവിയും പ്രജകളോട് സ്നേഹമുള്ള സ്ത്രീയായിരുന്നു. പക്ഷേ ചക്രവർത്തിയ്ക്ക് സന്താനഭാഗ്യം ഇല്ലായിരുന്നു.

അതുകൊണ്ടുതന്നെ ഗ്രാമത്തിലെ കുട്ടികളെ അദ്ദേഹം ഏറെ ലാളിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം ചിന്തിച്ചു, തന്റെ കാലശേഷം രാജ്യം ഭരിക്കേണ്ടത് അടുത്ത തലമുറയിൽപ്പെട്ടവരാണ്. പക്ഷേ തനിക്കുശേഷം രാജ്യഭരണം ഏൽക്കാൻ അങ്ങനെ ആരുമില്ലല്ലോ എന്നോർത്ത് അദ്ദേഹം ഏറെ നിരാശനായി. എന്താണ് ഇതിനൊരു പോംവഴി എന്ന് ആലോചിച്ചു. പെട്ടന്ന് അദ്ദേഹത്തിന് ഒരു ബുദ്ധിതോന്നി. പിറ്റേദിവസം അദ്ദേഹം ഗ്രാമത്തിലെ യുവാക്കളെ എല്ലാം ഒരുമിച്ചു വിളിച്ചുകൂട്ടി. എന്നിട്ട് അവരോട് പറഞ്ഞു... "ഞാൻ നിങ്ങൾക്ക് എല്ലാവർക്കും ഒരു പൂച്ചെടിയുടെ വിത്ത് വീതം നൽകും. ഇന്നേക്ക് മൂന്നാം നാൾ നിങ്ങൾ അതിൽ പൂവിരിയിച്ച് ഇവിടെ കൊണ്ടുവരുന്ന ഒരാളെ ഞാൻ അടുത്ത രാജ്യഭരണം ഏൽപ്പിക്കുന്നതാണ്". ഇതുകേട്ടപ്പോൾ യുവാക്കൾക്കെല്ലാവർക്കും സന്തോഷമായി.

ഈ വിത്ത് മുളപ്പിച്ച് ഒരു പൂവിരിയിച്ചാൽ താൻ അടുത്ത രാജാവ് ആകുമെന്നായിരുന്നു യുവാക്കളുടെ അപ്പോഴത്തെ മനോഭാവം. എല്ലാവരും വിത്ത് വാങ്ങി വീടുകളിലേക്ക് മടങ്ങി. എല്ലാ യുവക്കളും മത്സരിച്ച് ചെടിവളർത്തി. പക്ഷെ അതിലൊരു യുവാവിന്റെ വിത്ത് മാത്രം വളർന്നില്ല. മറ്റുയുവാക്കളെല്ലാം പറഞ്ഞ ദിവസംതന്നെ ചെടിയുമായി കൊട്ടാരത്തിൽ എത്തി. കൂടെ അവനും പോയി . അവിടെ ചെന്നപ്പോൾ അവൻ ഒഴികെ അവിടെ എത്തിയ എല്ലാ യുവാക്കളുടെയും ചെടികളിൽ മനോഹരമായ പൂവുകൾ വിരിഞ്ഞിട്ടുണ്ടായിരുന്നു. അവൻ നിരാശനായി. രാജാവ് ചെടികൾ സന്ദർശിക്കാനെത്തി. സന്ദർശനത്തിനിടയിൽ ശൂന്യമായ ഒരു മൺചട്ടി രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടു. രാജാവ് അവനെ സദസ്സിന്റെ മുന്നിൽ വിളിച്ചുവരുത്തിയിട്ടു ചോദിച്ചു. "നിന്റെ ചെടിയിൽ എന്താണ് പൂവ് വിരി

യാഞ്ഞത് ?” അവൻ ഒന്നും മിണ്ടിയില്ല. അല്പ സമയത്തിനുശേഷം രാജാവ് വിളംബരം ചെയ്തു. ഇവനാണ് അടുത്ത രാജാവ്. "ഞാൻ നിങ്ങൾക്ക് നൽകിയ വിത്ത് ഉണങ്ങിയതായിരുന്നു. അത് ഒരിക്കലും വളരുകയില്ല. പക്ഷെ നിങ്ങളുടെ എല്ലാവരുടെയും ചെടികളിൽ പൂവ് വിരിഞ്ഞു. അത്ഭുതം തന്നെ...! സത്യസന്ധമായി പ്രവർത്തിച്ച ഈ യുവാവാണ് അടുത്ത ഭരണാധികാരി എന്ന് ഞാൻ പ്രഖ്യാപിക്കുന്നു.”

"സത്യസന്ധത കൈവരിക്കുക".

LITTLE KITES

HOLY FAMILY G H S



ഞാനെന്നഭാവം ഉണ്ടാകാതിരിക്കണം. ആത്മബോധമാണ് കൈവരിക്കേണ്ടത്. എന്നിൽ കുടികൊള്ളുന്ന ചൈതന്യം സർവ്വതിലും ഉണ്ടെന്നും അതിനു നാശമില്ലെന്നും എന്തിനെയൊക്കെ ചൊല്ലി ഞാൻ അഹങ്കരിക്കുന്നുവോ അവ നശിച്ചുപോകും എന്നുള്ള ചിന്തയാണ് ആത്മബോധം. വളരെ ക്കാലത്തെ സാധനകൊണ്ടുമാത്രമേ ആത്മബോധം നേടനാവൂ. എന്തൊക്കെയാവാം അഹംഭാവത്തിലേക്ക് നമ്മെ തള്ളിവിടുന്നത്. സൗന്ദര്യം,കഴിവുകൾ, കുടുംബ മഹിമ, ധനം, പദവികൾ, സമുദായം... ഇവയൊക്കെ നമ്മെ അഹംഭാവികൾ ആക്കിത്തീർക്കും.

ഓർക്കുക- എന്തിന്റെയൊക്കെ പേരിലാണോ നമ്മൾ വലിയഭാവം കാട്ടുന്നത് അവയെല്ലാം വേഗം നശിച്ചു പോകുന്നതാണ്; നശിക്കാത്തതായി ഒന്നേയുള്ളൂ. എന്നിലും നിന്നിലും തുടിക്കുന്ന ചൈതന്യം-ഈശ്വരഭാവം. ഈ ചൈതന്യബോധ മാണ് നമ്മെ അലങ്കരിക്കേണ്ടത്. അഹംഭാവം അകറ്റുന്നതിന് നമ്മൾ എന്തെല്ലാം ആർജ്ജിക്കണം....? വിനയം മഹാത്മാരുടെ ലക്ഷണമാണിത്. എല്ലാ വിജയങ്ങളുടെയും അടിസ്ഥാനഭാവമാണിത്.

LITTLE KITES

അഹങ്കാരത്തെ ഉപേക്ഷിച്ച് വിനയം ജീവിതത്തിൽ വളർത്തണം. വിനയശീലർ അന്യരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യും. മറ്റുള്ളവരെ സന്തോഷിപ്പിക്കും. അവരുടെ കഴിവുകളും നേട്ടങ്ങളും അംഗീകരിക്കും. അകത്തു കത്തിയും പുറത്ത് പത്തിയുമായി നടക്കുന്നവരെപ്പോലെയാകരുത് നമ്മൾ. കാപട്യമില്ലാത്ത വിനയമാണ് ഏതൊരുവനും ശീലമാക്കേണ്ടത്. വിനയപ്രകടനം അഭിനയമാകരുത്. ആത്മാർത്ഥവും നിഷ്കളങ്കവുമായ വിനയമാണ് ജീവിതത്തിന്റെ മുഖമുദ്രയാകേണ്ടത്. അതിവിനയവും വർജ്ജിക്കേണ്ടതാണ്. ഒന്നും സ്വന്തമായി എനിക്കില്ല. എന്നാൽ എല്ലാം ദൈവം തന്നത് എന്ന മനോഭാവം അഹംഭാവത്തെ ചാമ്പലാക്കി നമ്മിൽ വിനയം വിതയ്ക്കും.

'തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും;
തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും'

എന്ന ബൈബിൾ വചനം ഇവിടെ നമുക്ക് ഓർമ്മിക്കാം.

HOLY FAMILY G H S



# ഭൂമിയിലേക്ക് ഒരു യാത്ര

വരികയാണവൾ ....

ഭൂമിതൻ മാറിൽ പതിയാൻ

അതിൻ ഗന്ധം  വഹിക്കാൻ

വിണ്ണറ്റ് ഭയാനക മുന്നറിയിപ്പിൻ

ഇരുണ്ട നീർവാഹിനിയിൽ നിന്ന്

ഭൂമിയെ സ്പർശിക്കാൻ

മരവിച്ച മനസ്സിൽ

പ്രതീക്ഷയുടെ തളിർ വിത്ത് പാകി-

ക്കൊണ്ടാമോദയാത്രക്കൊരുങ്ങി

വിണ്ണിതളും താണ്ടി

മാതൃത്വം നുകരാൻ

ഓടിയെത്തി നിമിഷങ്ങൾക്കകം

യാത്രാന്ത്യം സഫലീകരിച്ചു.

മാറിൽ തട്ടിയും പിന്നാമോദത്താൽ

ചിന്നിച്ചിതറിയും മണ്ണിൽ പതിച്ചു

മനസ്സിൽ ആഴ്ന്നിറങ്ങി

കാണ്മെൻ നയനമനം അലഞ്ഞു

തേടിമറയുകയായി

മഴയേ ......

നിയല്ലാതാരുണ്ടു ഭുവിൽ

മണ്ണിൻ മഹത്വം ഇത്രമേൽ നുകർന്നവൾ

LITTLE KITES

HOLY FAMILY G H S

സ്നേഹിച്ചവൾ ......അതിലലിഞ്ഞവൾ...

മണ്ണിൽ വരണ്ടുണങ്ങിയ

സ്വപ്നം തേടി അടുത്ത യാത്ര..!

ഭൂമിയെ തൊട്ടറിയുംതോറും

മണ്ണിൻ ഗന്ധം അവളെ മയക്കി

വരികയായ്  നിന്നിൽ പുതുജീവനേ-

കാൻ എന്നോതിക്കൊണ്ട് ആ മഴത്തുള്ളി

മരിച്ച മനസിനെ തലോടവേ

പ്രതീക്ഷകൾക്ക് ചിറകുണർന്നു

സ്വപ്നങ്ങൾക്ക് ചിരി വിടർന്നു

സ്വർണ്ണം തളിരിടുകയായി.

വളർന്നു മണ്ണിൽ തണൽ വിതച്ചു

ജനിക്കയായി മണ്ണും

...... മരിച്ച മനസ്സും.

LITTLE KITES

# പ്രഭാതമെത്തുമ്പോൾ ....

വീണ്ടുമൊരു യാത്ര ......

മണ്ണിൽ നിന്ന് വിണ്ണിലേക്ക്

പോകും മുമ്പ്

പുതുജീവനിൽ നിന്ന്

ഒരുവാക്ക് ....

"വീണ്ടും വരിക "

വിതയ്ക്കാനും......

പ്രതീക്ഷകൾ കൊയ്യാനും.





ശാന്തികൃഷ്ണ കെ.എസ്.

IX A

LITTLE KITES

HOLY FAMILY G H S

# കുടുംബം

# ഒരു വിദ്യാലയം



പ്രിയപ്പെട്ട കൂട്ടുകാരേ, നിങ്ങളുടെ അനുസരണത്തിൽ മാതാപിതാക്കൾ എത്രമാത്രം സന്തുഷ്ടരായിട്ടുണ്ട്? മാതാപിതാക്കളും മക്കളും തമ്മിലുള്ള കൊടുക്കലും വാങ്ങലും പഠിക്കുന്ന സ്ഥലമാണ് കുടുംബം. സ്നേഹം വാങ്ങി സ്നേഹം കൊടുക്കുന്ന, ആദരവു വാങ്ങി ആദരവു കൊടുക്കുന്ന, നന്ദി വാങ്ങി തിരികെ കൊടുക്കുന്ന നിർമ്മലമായ കൈമാറ്റത്തിന്റെ പ്രതീകമാണ് കുടുംബം. സ്ത്രീകളോടുള്ള ആദരവും പെരുമാറ്റശൈലിയും രൂപപ്പെടുക കുടുംബത്തിലാണ്. അങ്ങനെ കുടുംബം എല്ലാ തരത്തിലും ആദ്യവിദ്യാലയമാണ്.

# മുതിർന്നവരുടെ സാന്നിദ്ധ്യം

മുതിർന്നവർ വീടിന്റെ അനുഗ്രഹമാണ്. അവർ വേദനിക്കുമ്പോൾ ഒരു കുടുംബത്തിന്റെ ഹൃദയമാണ് വേദനിക്കുക. നിങ്ങൾ നമ്മുടെ മുത്തച്ഛനെയും മുത്തശ്ശിയെയും സങ്കടപ്പെടുത്തരുത്. ഹൃദയം നുറുങ്ങുന്ന വാക്കുകൾ അവരോടു പറയരുത്. അവർ പഠിപ്പിച്ച പ്രാർത്ഥനകൾ നിരാകരിക്കരുത്. അവരെ വേദനിപ്പിക്കരുത്. അത് തെറ്റാണ് എന്നോർക്കണം.

## മാതാപിതാക്കളെ അനുസരിക്കുക

മാതാപിതാക്കളെ ബഹുമാനിക്കുകവഴി കുഞ്ഞു ങ്ങൾ നേടിയെടുക്കുന്നത് ദൈവകൃപയാണ്. കാരണം മാതാപിതാക്കളിലൂടെ അവർ കേൾക്കുന്നത് ദൈവസ്വരമാണ്. തങ്ങളുടെ മനസ്സാക്ഷി പാകപ്പെടുന്നതുവരെ അവർ പൂർണ്ണമായുംതങ്ങളുടെ മാതാപിതാക്കളെ ആശ്രയിച്ചാണ് ജീവിക്കുന്നത് .

# ഉപസംഹാരം

സമൂഹത്തിന്റെ അഭിവൃദ്ധിയിൽ പങ്കാളി യാകാൻ പ്രാപ്തരാകുന്നത് കുടുംബത്തിൽ വെച്ചാണ്. നമ്മുടെ ജീവിതം അനുഗ്രഹപൂർണ്ണമാകു ന്നത് മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം സുദൃഢമാകുന്നതിലൂടെയാണ്. എല്ലാ തരത്തിലും ആദ്യവിദ്യാലയമായി മാറുന്നു.....കുടുംബം.



ബ്ലസ്സിമോൾ തോമസ്

IX A

LITTLE KITES



# വിദ്യാഭ്യാസം

അറിവ് ഒന്നിലും പൂർണ്ണമാകുന്നില്ല. പാഠപുസ്തകത്തിനപ്പുറമുള്ള അറിവുകൾ വിദ്യാഭ്യാസ ത്തിൽ നിന്ന് മാത്രമല്ല ലഭിക്കുന്നത്. എല്ലാ അറിവും നമ്മെ ഓരോന്നും പഠിപ്പിക്കുകയാണ് . അതുകൊണ്ടു തന്നെ എല്ലാ അറിവും വിദ്യാഭ്യാസത്തിൽപ്പെടും . ഗാന്ധിജി വിദ്യാഭ്യാസത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു ." ഒരു ശിശുവിന്റെ ശരീരത്തിലും ,മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പി ക്കുന്നതാണ് വിദ്യാഭ്യാസം ” . ശരിയാണ് , ഒരു വിദ്യാർത്ഥിയുടെ ഉള്ളിലുള്ള കഴിവിനെ വികസിപ്പി

ച്ചെടുത്ത് നാളേയ്ക്കായി നിർമ്മിക്കുകയാണ് വിദ്യാഭ്യാസം നേടുന്നതിലൂടെ ആർജ്ജിക്കുന്നത് . "ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ " . പുസ്തകത്തിലൂടെ കിട്ടുന്ന അറിവ് ചെറുതല്ല . ഗാന്ധിജിയാണ് വിദ്യാഭ്യാസപദ്ധി രൂപകല്പന ചെയ്തത് . ഗാന്ധിജി ആവിഷ്കരിച്ച ഈ ദേശിയ വിദ്യാഭ്യാസ പദ്ധതി അടിസ്ഥാന വിദ്യാഭ്യസ പദ്ധതിയായി ഇന്ന് അറിയപ്പെടുന്നു .

ഇന്ന് , ഈ ലോകത്ത് വിദ്യാഭ്യാസം എന്നത് കച്ചവടം ആണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനാണ് ഇന്നത്തെ സമൂഹം പ്രാധാന്യം നൽകുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് നൽകാവുന്ന മറ്റൊരു നിർവചനമാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നാൽ മൂല്യങ്ങളെ മുറുകെപ്പിടിച്ചുള്ള വിദ്യാഭ്യാസം എന്നാണ്. എല്ലാവർക്കും വിദ്യാഭ്യാസം നൽകണം . ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ചുള്ള വിദ്യാഭ്യാസം എല്ലാവർക്കും കാര്യങ്ങൾ ഗ്രഹിച്ചു കൊണ്ടും മനസ്സിലാക്കികൊണ്ടും പഠിക്കുവാൻ സാഹചര്യം ഒരുക്കുന്നു. പ്രക്രിയാബന്ധിതമായ വിദ്യാഭ്യാസമാണ് നൽകേണ്ടത് .

പ്രവർത്തനങ്ങൾ  എല്ലാം  തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നു. സമൂഹത്തിന്  ഗുണപരമായ , അനുയോജ്യമായ വിദ്യാഭ്യാസം. ഒരു വിദ്യാർത്ഥി പൂർണ്ണവളർച്ച എത്തുന്ന തരത്തിലുള്ളത്  വിദ്യാഭ്യാസം നൽകുന്നത് . രാജ്യത്തിനു നേട്ടം  കിട്ടുന്ന രീതിയിൽ സമ്പത്ഘടനയിൽ  വളർച്ച ഉണ്ടാകുന്നതിന്, മൂല്യ ങ്ങൾ വർദ്ധിപ്പിക്കുന്നതിന്, സംസ്കാരം വളർത്തുന്ന തിന്. മാതൃഭാഷയ്ക്ക്  പ്രധാന്യം നൽകിയാണ് വിദ്യാഭ്യാസം നൽകുന്നത്.



ദേവിക ബിജു

IX A

LITTLE KITES

HOLY FAMILY G H S




# എന്റെ യാത്ര

ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂളിൽ നിന്നും കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിലുള്ള മാംഗോ മെഡോസ്സി ലേക്ക് അതിമനോഹരമായ ഒരു യാത്ര പോയി. ഹൈസ്കൂൾ വിദ്യാർത്ഥികളായിരുന്നു ഈ യാത്രയിൽ പങ്കെടുത്തത്. പ്രാർത്ഥനയോടുകൂടിയായിരുന്നു യാത്ര ആരംഭിച്ചത്. അതിനുശേഷം ബസ്സിൽ പാട്ടുപാടുകയും കുട്ടികൾ ഡാൻസു കളിക്കുകയും ചെയ്തു. 8 മണിയോടെ ഞങ്ങൾ തണ്ണീർമുക്കം ബണ്ടിനടുത്തുള്ള ഒരു സ്ഥലത്തിറങ്ങി പ്രഭാതഭക്ഷണം കഴിച്ചു. അവിടെ നിന്ന് നേരെ മാംഗോ മെഡൊാസ്സിലേക്ക് ...... Agricultural Theme Park എന്നാണിതറിയപ്പെടുന്നത്. ആദ്യം മീനൂട്ട് പാലമാണ് സന്ദർശിച്ചത്. അവിടെ പലതരം മീനുകളെ വളർത്തുന്നുണ്ട്. വിവിധ തരത്തിലുള്ള ചെടികളും മരങ്ങളും ഔഷധസസ്യങ്ങളും അവിടെ കണ്ടു. അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാനും പഠിക്കാനും സാധിച്ചു. തണൽ വിരിച്ച വഴിയിലൊരിടത്ത് ഓടക്കുഴൽ വായിക്കുന്ന ഒരാളെ കണ്ടു . പാട്ട് ആസ്വദിച്ച് നിൽക്കു

LITTLE KITES

ബോൾ കൂട്ടുകാർ നീങ്ങിയത് അറിഞ്ഞില്ല .അവിടെ നിന്ന് പാർക്കിലേക്ക് പോകുകയും അവിടെ കളിക്കുകയുമുണ്ടായി. അതിനടുത്ത് ഒരു ചക്രപ്പുരയും റ്റീ ടവറും കണ്ടു. റ്റീ ടവർ വിശ്രമിക്കാനുള്ള സ്ഥലമാണ്. അവിടെ നടന്ന മനോഹരമായ മാജിക് ഷോ കാണാൻ സാധിച്ചു. കളിമണ്ണുപയോഗിച്ച് പലതരം പാത്രങ്ങൾ ഉണ്ടാക്കുന്നത് എങ്ങനെയാണെന്നും കാണാൻ കഴിഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ ബോട്ടിങ്ങിനു പോയി. അത് കഴിഞ്ഞ് പലതരം പക്ഷികളെയും മൃഗങ്ങളെയും വളർത്തുന്ന സ്ഥലത്ത് പോയി അവയെ കാണാനും അവയുടെ പേരുകൾ അറിയാനും സാധിച്ചു. അതിനുശേഷം റൈഡിങ്ങിനു പോയി. പിന്നീട നീന്തൽ കുളത്തിലിറങ്ങി കൂടുതൽ സമയം ചിലവഴിച്ചു. 4 മണിയോടെ നേരെ ആലപ്പുഴ ബീച്ചിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. അവിടെവെച്ച് ആദ്ധ്യാപകർ ഞങ്ങൾക്ക് ഐസ്ക്രീം വാങ്ങിത്തന്നു. ബീച്ചിൽ നിന്നുള്ള മടക്കയാത്ര ഞങ്ങൾ വളരെ സന്തോഷത്തോടെ അടിച്ച് പൊളിച്ചു. 7 മണി ആയപ്പോൾ ഞങ്ങൾ തിരികെ സ്കൂളിലെത്തി. അറിവും സന്തോഷവും പകർന്ന ആ യാത്ര മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു.



ആദിത്യകൃഷ്ണ ജെ

IX A

LITTLE KITES

HOLY FAMILY G H S

# നഷ്ട സ്വപ്നം



വഴക്കുകളും നിരാശകളുമായി  ഒരു ദിവസം കൂടി കടന്നുപോയി. നിദ്രയിലേക്ക് പോകുവാൻ അവളുടെ കണ്ണുകൾ അവളെ മാടി വിളിക്കുന്നു. ഒടുവിൽ നിദ്രയിലേക്ക് വഴുതി വീണു. നിദ്രയിൽ ഒരു നിമിഷത്തേക്ക് അവൾ ആഗ്രഹിക്കുന്ന .....അവൾ ജീവിക്കാൻ കൊതിക്കുന്ന ....അവളുടെ സ്വപ്നലോകത്തേക്ക് ...അവൾ യാത്രയായി. സന്തുഷ്ടമായ ഒരു ചെറിയ കുടുംബം. മുറ്റത്ത് തളിർത്ത്   നിൽക്കുന്ന ഒരു വലിയ മരം. അതിൽ നീളമുള്ള

തടിയൻ കയറുകൊണ്ട് ഒരു ഊഞ്ഞാൽ. മുറ്റത്തിന് നടുവിലായി ഒരു ചെറിയ തുളസിത്തറ...... അതിരാവിലെ കുളിച്ച് ദീപവുമായി തുളസിത്തറയിൽ വിളക്കുതെളിക്കാൻ വരുന്ന അമ്മ..... വിളക്കിനു മുൻപിൽ പ്രാർത്ഥന ജപിച്ചുകൊണ്ടിരിക്കുന്ന അമ്മൂമ്മ. ഞങ്ങളെ വിളിച്ചുണർത്തി, ഞങ്ങൾക്കുവേണ്ടിയുള്ള ചോറും കറിയും വെച്ച് ഞങ്ങളെ വിദ്യാലയത്തിൽ അയക്കുന്നു. വൈകുന്നേരം ഒരുപാട് കളിയും,ചിരിയുമായി നിറഞ്ഞ സ്നേഹസംഭാഷണങ്ങൾ . രാത്രി ഒരുമിച്ച് സന്തോഷത്തോടെ ഇരുന്ന് അത്താഴം . അങ്ങനെ പിണക്കങ്ങളും, പരിഭവങ്ങളും മൊന്നുമില്ലാത്ത ഒരു നല്ല സ്നേഹവീട്. പെട്ടന്ന് എന്തോ പൊട്ടിച്ചിതറുന്ന ശബ്ദം . അവളുടെ സ്വപ്നങ്ങളെയും ആഗ്രഹങ്ങളെയും ചിന്നിച്ചിതറിച്ചുകൊണ്ട് ആ ശബ്ദം . ഉണരുമ്പോൾ ബിസിനസ്സ് കാര്യങ്ങൾ പറഞ്ഞ് തർക്കിച്ചു കൊണ്ടിരിക്കുന്ന തന്റെ ഡാഡിയും മമ്മിയും.



**ഗോപിക ജെ സുനിൽ**

**IX A**

# ബന്ധങ്ങൾ ബന്ധനങ്ങൾ



സ്വന്തം കാര്യങ്ങൾ മാത്രം നോക്കി നടക്കുന്ന ഫ്ലാറ്റിനുള്ളിലുള്ള കുടുംബത്തെയാണ് ഇന്നത്തെ തലമുറ കണ്ടു വളരുന്നത് . സന്തുഷ്ടകുടുംബം സ്വപ്നത്തിൽ മാത്രം കണ്ട് കണ്ണീർ വാർക്കുന്ന കുറേ ഏറെ ബാല്യങ്ങളുണ്ടാകും. സ്നേഹത്തോടെ സന്തോഷം പങ്കിടേണ്ട ഭാര്യാഭർത്താക്കൻമാരും ഇന്ന് പല കാര്യങ്ങൾ പറഞ്ഞ് തർക്കത്തിലാണ്. ആർക്കും ആരെയും ശ്രദ്ധിക്കാൻ സമയം ഇല്ല. എന്തിന് ....? പ്രഭാതഭക്ഷണം പോലും

വെക്കാൻ സമയമില്ലാതെ അതുപോലും പുറത്തുനിന്ന് വാങ്ങിക്കുകയാണ് പലരും. എന്നാൽ ഈ തർക്കങ്ങൾക്കും ബിസിനസ്സ് കാര്യങ്ങൾക്കും ഇടയിൽ വെന്തുരുകിക്കൊണ്ടിരിക്കുന്ന മക്കളെ അവർ ഓർക്കുന്നില്ല. വരും  തലമുറയെ അവർ ഓർക്കുന്നില്ല. സ്നേഹമെന്ത് .... സന്തോഷമെന്ത്...  എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരു തലമുറയ്ക്കാണ് നാം ജന്മം കൊടുക്കുന്നത്.

സ്നേഹം, കരുണ, ദയ എന്നീ വാക്കുകൾ അക്ഷരങ്ങളിൽ മാത്രം ഒതുങ്ങി കൂടുന്ന ഒരു സമൂഹത്തെയാണ് നാം വാർത്തെടുത്തു കൊണ്ടിരി ക്കുന്നത്.

നാളത്തെ കുട്ടികൾ ഇതെല്ലാം എന്തെന്നറിയാതെ വിഢികളായി തീരരുത്. സ്നേഹം,സന്തോഷം ഇവയെല്ലാം ക്ലാസ്സ്മുറികളിൽ മാത്രം ഉച്ചരിക്കുന്ന വെറും വാക്കുകൾ മാത്രം ആയി തീരരുത്. അത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്. പണം, പദവി, എന്നതിന് പിന്നാലെ അല്ലെങ്കിൽ അതിനെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടു നടക്കുന്നവർ ഒന്നോർക്കുക ! ഇവയെക്കാളെല്ലാം വിലപ്പെട്ടതാണ് നമ്മുടെ കുടുംബം. അത് നമ്മളോരോരുത്തരും തിരിച്ചറിയേണ്ട ഒന്നാണ്. ആ കുടുംബത്തിൽ സന്തോഷത്തോടും സ്നേഹത്തോടും കൂടെ കഴിയുക. അപ്പോഴേ ജീവിതത്തിന് ഒരർത്ഥമുണ്ടാകുകയുള്ളൂ. സ്വന്തം കാര്യ

LITTLE KITES

ങ്ങൾ മാത്രം നോക്കി നടക്കുന്ന മാതാപിതാക്കൾ നിങ്ങൾക്കിട
യിൽ വേദനിച്ചുകൊണ്ടിരിക്കുന്ന പിഞ്ചുമനസ്സുകളെ കൂടി ഓർ
ക്കുക. അവർ ആഗ്രഹിക്കുന്ന ഒരു സ്നേഹ സമ്പന്നമായ കുടുംബ
ത്തിൽനിന്നേ നല്ല പാഠങ്ങൾ പകർന്നു നൽകാൻ കഴിയൂ.
ഇനിയും ഇത് തിരിച്ചറിയുന്നില്ലെങ്കിൽ നല്ലൊരു നാളെയാണ്
നമുക്ക് നഷ്ടമാകുന്നത്. ആ നഷ്ടത്തിന്നു കൊടുക്കേണ്ടിവരുന്ന
വിലയും വളരെ വലുതായിരിക്കും. അതുകൊണ്ട് ഉണരൂ... വേഗം
ഉണരൂ.....നല്ലൊരു നാളയെ തല്ലിക്കെടുത്താതിരിക്കൂ............!





ശ്വേത വിനോദ്

IX A



# വർത്തമാന പത്രങ്ങൾ

ഈ ആധുനികയുഗത്തിൽ പത്രങ്ങളുടെസ്വാധീന ശക്തി അപാരമാണ്. അത് അവഗണിക്കാൻ ആർക്കും കഴിയില്ല. സമൂഹത്തിലെ പ്രബലർ പോലും അവയെ പിണക്കാൻ മുതിരില്ല. ജനാധിപത്യവ്യവസ്ഥയിലെ പത്രങ്ങളുടെ സ്വാധീനവും സ്യാതന്ത്യവും ഒഴിച്ചുകൂടാനാവാത്തതാണ്. ജനാധിപത്യം, മനുഷ്യാവകാശം,വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയവയുടെ കാവൽക്കാരാണ് പത്രമാധ്യമങ്ങൾ. സർക്കാർ ഭരണതന്ത്രം ജനങ്ങൾക്കിടകയിൽ ഒരു പാലമായി പ്രവർത്തിച്ച് സംഭാഷണങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കുന്നതും അവ തമ്മിലുള്ള വിടവുനികത്തുന്നതും പത്രങ്ങളാണ് സർക്കാരിന്റെ നയങ്ങളും വികസന പരിപാടികളും ജനമദ്ധ്യത്തിൽ എത്തിച്ച


**ചർച്ചകൾക്ക് വിധേയമാക്കി അനുകൂലമോ പ്രതികൂലമോ ആയ പൊതുജന അഭിപ്രായം സ്വരൂപിക്കുന്നത് പത്രങ്ങളാണ്. ജനാധിപത്യത്തിന്റെ അന്തസത്തയും വ്യക്തിസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യത്തിൽ നിഴലിച്ചുകാണാം. സ്ഫോടനാത്മകമായ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ സമൂഹത്തിന്റെ പൊതുനന്മ, രാജ്യതാല്പര്യങ്ങൾ മുതലായവ പരിഗണിച്ച് വിവേക പൂർണം വാർത്തകൾ റിപ്പോർട്ട് ചെയ്യാനും പത്രമാധ്യ മങ്ങൾ പ്രാധാന്യം നൽകുന്നു. പത്രങ്ങൾ പൊതുവിജ്ഞാനത്തിൽ ഏറെ സഹായകമാണ്. ഇലക്ട്രോണിക്ക്മാധ്യമങ്ങളുടെ കടുത്ത ഭീക്ഷണി നേരിടുന്നുണ്ടെങ്കിലും ജനമനസ്സുകളിൽ ഇന്നും പത്രങ്ങൾക്ക് അതിന്റേതായ സ്ഥാനം നില നിൽക്കുന്നു.**



ലക്ഷമി ദേവി എസ്

IX A

LITTLE KITES




നമ്മുടെ വിജ്ഞാനം നാം നേടിയത് പുസ്തകങ്ങൾ മുഖേന തന്നെയാണ് . അറിവിനുവേണ്ടി മാത്രമല്ല ആനന്ദത്തിനുവേണ്ടിയും നാം പുസതകങ്ങളെ അശ്രയിക്കുന്നു. ഒരു കഥയോ കവിതയോ വായിക്കുമ്പോൾ അറിവിലും കൂടുതൽ ആനന്ദമാണ് വായനക്കാരൻ നേടുന്നത്. സാധാരണ ജീവിതത്തിൽ മാനസിക ക്ലേശങ്ങൾ മറക്കുന്നതിനും മാനസികോന്മേഷം വളർത്തുന്നതിന്നും വായന പ്രയോജനപ്പെടുന്നു. വായനാശീലം ചെറുപ്പം മുതലേ വളർത്തികൊണ്ട് വരേണ്ടുന്ന ഒരു പ്രക്രിയയാണ്. വിദ്യാലങ്ങളിൽ പഠിക്കുന്ന വിഷയങ്ങളെപ്പറ്റി കൂടുതൽ അറിവുനേടാൻ തിരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ വായിക്കുകതന്നെ വേണം.

ഇങ്ങനെ പല വിധത്തിലുള്ള ഗ്രന്ഥങ്ങളുമായി കുട്ടിക്കാലം മുതലേ പരിചയപ്പെടുന്ന പക്ഷം വ്യക്തികൾക്ക്

**അറിവും കഴിവുമുള്ള പൗരന്മാരായി വളരാൻ സാധിക്കു മെന്നതിനു സംശയമില്ല. ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശം പരത്താൻ വായനപോലെ ഉതകുന്ന മറ്റൊന്നില്ല. ഒരോ വ്യകതിയുടെയും സ്വഭാവരൂപവത്കരണത്തെ ഏറെ സഹായിക്കുന്നത് നല്ല വായനയാണ്. ഉത്തമജീവിതം നയിക്കാൻ ഒരാളെ പ്രാപ്തമാക്കുന്നതും വായനതന്നെ. സ്നേഹം, ജീവകാരുണ്യം, ധാർമ്മികബോധം എന്നീ ഗുണങ്ങൾ വായന യിലൂടെ ലഭിക്കുന്നതാണ്. സംസ്കാരമുള്ള ഒരു ജനത വളരാൻ നല്ല വായനാശീലമാണ് കുട്ടികളിൽ ഉണർത്തേണ്ടത്. അതിന്റെ ഉത്തരവാദിത്വം രക്ഷകർത്താക്കൾക്കാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിനെല്ലാം പുറമേ വായന മനുഷ്യരുടെ ദുർവികാരങ്ങൾക്ക് ശമനമുണ്ടാക്കുകയും ചെയ്യാറുണ്ട്. യഥാർത്ഥ ജീവിതത്തിലുള്ള ക്രോധ വികാരങ്ങളിൽ നിന്ന് എളുപ്പത്തിൽ വിമുക്തി നേടുന്നതിന് വായനാ ശീലം പ്രയോജനമാണ്.**



**ലയ കാതറിൻ പൈലൊ**

**IX A**

# തിസ്വൂസ്



**ബുദ്ധിയും ശക്തിയും സ്ഥിരോൽസാഹവും ഒത്തുചേർന്നാൽ ഫലമണിയും.**

തിസ്വൂസിന് 15 വയസ്സായി.

അവന്റെ അമ്മയായ ഐത്ര അവനേയും കൂട്ടി എല്ലാ ദിവസവും ക്ഷേത്രത്തിൽ പോയിരുന്നു. ചുറ്റും ധാരാളം മരങ്ങൾ വളർന്നു നിന്നി രുന്ന ക്ഷേത്രപരിസരം അവന് ഇഷ്ടമായി. അവിടെ കണ്ട ഭടന്മാരെ അവൻ അനുസരിച്ചു. അവൻ അമ്മയോട് വാളും പരിചയും വേണമെന്ന് വാശിപിടിച്ചു.

അമ്മ അവനോട് പറഞ്ഞു. "ആ കാണുന്ന മരത്തിന്റെ ചുവട്ടിലെ വലിയ കല്ല് ഉരുട്ടിമാറ്റ്". അതിനടിയിൽ കാണുന്നവ നീ എടുത്തു കൊള്ളൂ.

തിസ്വൂസിന് ആകാംഷയായി വലിയ മരത്തിന് ചുവട്ടിലേക്ക് അവന് ഓടി. കല്ല് കണ്ടു പക്ഷെ അതെനിക്ക് ഉയർത്താൻ പറ്റുമെന്ന് തോന്നുന്നില്ല.

"സാരമില്ല" അമ്മ പറഞ്ഞു. "അടുത്തവർഷം നോക്കാം". അടുത്തവർ ഷം അമ്മ മോനേയും കൂട്ടി ക്ഷേത്രത്തിലെത്തി. അത്തവണയും അവനത് കഴിഞ്ഞില്ല.

അമ്മ അവനെ ആശ്വസിപ്പിച്ചു. "മോനേ വീണ്ടും അടുത്തവർഷം വരാം". വീണ്ടും ഇത് ആവർത്തിച്ചു. അവൻ ആലോചിച്ചു

LITTLE KITES

എന്തുകൊണ്ടാണ് എനിക്കിത് കഴിയാത്തത്. അമ്മയോട് ചോദിച്ചപ്പോൾ അമ്മ ഒന്നും പറഞ്ഞില്ല. അമ്മയുടെ കണ്ണ് നിറയുന്നത് അവൻ കണ്ടു.

"ഒരു ദിവസം ഈ കല്ല് ഞാൻ ഉയർത്തുകതന്നെചെയ്യും". അവൻ മനസ്സിൽ ഉറപ്പിച്ചു.

കാലങ്ങൾ മുന്നോട്ടുപോയി. അമ്മയുമായുള്ള ക്ഷേത്രത്തിൽപോക്ക് തുടർന്നുകൊണ്ടേയിരുന്നു. അവൻ അവന്റെ ഉറ്റമിത്രങ്ങളുമായി ഈ വിഷയം ചർച്ചചെയ്തു. അവന്റെ അച്ഛന്റെ മരണം മൂലം അമ്മയ്ക്കുണ്ടായ ദുഃഖഭാരമാണ് ഉരുട്ടിമാറ്റേണ്ടിയിരുന്ന കല്ലെന്ന് അവന് മനസ്സിലായി.

നിനക്ക് പട്ടാളത്തിൽ ചേരുവാൻആഗ്രഹമുണ്ടെങ്കിൽ അതിന് ഞാനും തയ്യാറാണെന്ന് അവന്റെ കൂട്ടുകാരിലൊരാൾ അവനെ അറിയിച്ചു. ഇവരുടെ തീരുമാനം അറിഞ്ഞപ്പോൾ മറ്റുചിലരും അതിന് തയാറായി മുന്നോട്ടുവന്നു. അവരെല്ലാവരും ഉത്തമന്മാരായ സൈനീകരായി മാറി. അങ്ങനെ അവരുടെ ആഗ്രഹങ്ങൾ പൂവണിഞ്ഞു.

അവന്റെ അമ്മയുടെ ദുഃഖഭാരത്തിനും കുറവു വന്നു. അങ്ങനെ അവന്റെ പ്രതിജ്ഞപോലെ തന്നെ കല്ലുരുട്ടിമാറ്റി.



അമല മേരി ജോൺ

IX A

# പ്രകൃതി കനിഞ്ഞുനൽകിയ നാട്



പച്ചപ്പരവതാനി വിരിച്ച് നീണ്ടു നിവർന്ന് കിടക്കുന്ന വയലുകളും. കുളിർക്കാറ്റേകി കുണുങ്ങി കുണുങ്ങി കളകളാരവത്തോടെ ഒഴുകിയെത്തുന്ന പമ്പാനദിയും. സ്വർണ്ണം വാരിപ്പൂശിയ വയലിൽ നിന്ന് കതിരു കൊത്തിപ്പറക്കുന്ന കിളികളും ഒത്തുചേർന്ന് കുട്ടനാടിനെ അലങ്കരിക്കുന്നു. കുട്ടനാടിന്റെ പ്രകൃതിഭംഗി വിവരിക്കുന്നതിലും അപ്പുറമാണ്.

പ്രകൃതിദേവി കനിഞ്ഞുനൽകിയ നാട്. കുട്ടനാടിന്റെ മടിത്തട്ടിലേക്ക് അതിന്റെ ഭംഗി ആസ്വദിക്കാൻ എത്തുന്നത് ലക്ഷക്കണക്കിന് വിനോദസഞ്ചാരികളാണ്. അവർ കുട്ടനാടിന്റെ പ്രകൃതിഭംഗിയിൽ വഴുതി വീണ് മനം കുളിരെ

കാണുകയും ആസ്വദിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ ഭംഗി മാറിമാറി പ്രതിഫലിക്കുകയാണിവിടെ. പ്രകൃതിയുടെ വർണാഭമായ സൗന്ദര്യം ആസ്വദിക്കുന്ന ഓരോ വ്യക്തിയിലും കുളിർമ നൽകുന്ന കുട്ടനാട്. ആരുടെയും മനം കവർന്നെടുക്കുന്ന തരത്തിൽ പ്രകൃതിഭംഗി ചൊരിയുന്ന നാട്. കുട്ടനാടിന്റെ സൗന്ദര്യം പൂക്കളിലും, പുഴകളിലും, വയലുകളിലും അവിടുത്തെ ഒരോ മനുഷ്യരിലും ഉണ്ട്.വഞ്ചിപ്പാട്ടിന്റെ ആവേശവും ഓളപ്പരപ്പിന്റെ താളമേളങ്ങളും നിറഞ്ഞ് നിൽക്കുന്ന കൈനകരി ഗ്രാമം കുട്ടനാട് പ്രകൃതിയുടെ വരദാനമാണ്. ഏത് സഞ്ചാരിയേയും മോഹിപ്പിക്കുന്ന ഒന്ന് നമ്മുടെ നാട്ടിലുണ്ട്. വിജയത്തിന്റെ ഓളപ്പരപ്പിൽ മത്സരാരവത്തോടെ കുതിച്ചുനീങ്ങുന്ന ചുണ്ടൻ വള്ളങ്ങൾ ഈ നാട്ടിൽ ടൂറിസം വർധിപ്പിക്കുന്നതിന് കാരണമാകുന്നു. ഇത് കുട്ടനാടിന്റെ മറ്റൊരു സവിശേഷതയാണ്. കുട്ടനാടിന്റെ കരുത്തിന്റെസൂചനയാണ് നെഹറു ട്രോഫി വള്ളംകളി. പ്രകൃതിസൗന്ദര്യത്തിൽ മാത്രമല്ല കാർഷിക മേഖലകളിലും കുട്ടനാട് മുന്നിൽ തന്നെയാണ്. 'കേരളത്തിന്റെ നെല്ലറ' എന്നാണ് കുട്ടനാട് അറിയപ്പെട്ടിരുന്നത്. കാർഷിക മേഖലകളിൽ നെൽകൃഷിയുടെ പ്രാധാന്യം കാണിക്കുകയാണ് കുട്ടനാടൻ നെൽപ്പാടങ്ങൾ.

അതുപോലെതന്നെ വിശുദ്ധിയാലും നിറഞ്ഞ നാടാണ് കുട്ടനാട്. പുണ്യവാനായ ചാവറയച്ചൻ ജനിച്ച വളർന്ന നാട്. വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ പിറവിയോടെ വിശുദ്ധമായ നാട്. ജീവിച്ചിരുന്ന കാലത്തു തന്നെ തന്റെ സാന്നിധ്യത്താൽ സകലർക്കും അനുഗ്രഹ മായി ജീവിച്ച അത്ഭുതപ്രതിഭയായിരുന്ന ചാവറയച്ചൻ. അങ്ങനെ പ്രകൃതി ഭംഗിയാലും കാർഷികമേഖലയാലും ടൂറിസം മേഖലയാലും വിശുദ്ധിയാലും സുന്ദരമാണ് കുട്ടനാട്. എന്നാൽ ഇവയൊക്കെ വർധനവല്ല. ദിനംപ്രതി താഴ്ചയാണ് ഉണ്ടാകുന്നത് .അതിനു മനുഷ്യരാണ് കാരണം. മനുഷ്യനാൽ നിർമ്മിതമായ പ്രകൃതിഭംഗി മനുഷ്യനാൽ തന്നെ നശിച്ചു കൊണ്ടിരിക്കുന്നു. "പ്രകൃതി കനിഞ്ഞു നൽകിയനാട് " ഈ വാക്യത്തിന്റെ പ്രസക്തി ദിനംപ്രതി കുറഞ്ഞു കൊണ്ടിരിക്കുന്നു. ആ കുറവിനെ നേരിടാൻ നമുക്കാവണം. പ്രകൃതിയെ സംരക്ഷിക്കാം. കുട്ടനാടിന്റെ പ്രകൃതിഭംഗി തിരിച്ചുകൊണ്ടുവരാം.



**അനുപ്രിയ ബിജു**

**IX A**

# തടസ്സങ്ങളെ അതിജീവിക്കാം .....




ധീരതയാണ് നേട്ടങ്ങളിലേക്ക് നമ്മെ നയിക്കുന്നത്. ഏതു പ്രതിസന്ധിയെയും മറികടക്കാൻ ഏറ്റവും ആവശ്യമായിരിക്കുന്നത് ധീരതയാണ്. വിജയിക്കും എന്ന ആത്മ വിശ്വസത്തോടുകൂടി പ്രയത്നിക്കുമ്പോൾ വിജയത്തിന്റെ സുവർണ്ണസോപാനങ്ങൾ ഒന്നൊന്നായി തെളിഞ്ഞുവരും. ശരീരിക പൂർണ്ണത കൈവരിക്കാത്ത എത്രയോ പേർ നമ്മേക്കാൾ നന്നായി ജീവിതം നയിക്കുന്നു. ഇല്ലാത്തതിനെ ക്കുറിച്ചോർത്ത് ദുഃഖിക്കുന്നവരല്ലേ നമ്മിലേറെപ്പേരും.....? വരുംവരായ്കകളെക്കുറിച്ച് ആകുലപ്പെട്ട് ജീവിതം പാഴാക്കുന്ന എത്രയോപേർ നമ്മുടെ ഇടയിലുണ്ട് . ‘ചെയ്യാനുള്ളത് ആത്മാർത്ഥമായി ചെയ്യുക. അതിന്റെ ഫലം എന്തുമാകട്ടെ ; എന്തും സംഭവിക്കട്ടെ. ജീവിതത്തിൽ

**ധൈര്യമാണു മുഖ്യ ഘടകം’. പ്രതിബന്ധങ്ങൾക്കു മുമ്പിൽ ഭീരുക്കളാകരുത്.**

**പ്രസിദ്ധരായ മഹാന്മാരുടെ ജീവിതങ്ങൾക്കു പിന്നിലും അതിജീവനത്തിന്റെ കഥയുണ്ട്. ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകും. അത് സ്വാഭാവികമാണ്. അവയെ ഓർത്തു കരയാതെ അതുവഴി സ്വപ്നങ്ങൾക്കു വർണ്ണം ചാർത്തുവാനും അങ്ങനെ ജീവിതത്തെ വസന്തമാക്കാനും നമുക്കാകണം. കാത്തിരിപ്പും, ക്ഷമയും, കഠിന പ്രയത്നവും, ശുഭാപ്തിവിശ്വാസവും, ചങ്കുറ്റവും ജീവിത വിജയങ്ങൾ സമ്മാനിക്കുമെന്നോർക്കണം. അലസരായി ജീവിതം പാഴാക്കുന്നവർ സമൂഹത്തിന് ഭാരമാണ്; ബാധ്യതയാണ്. സമ്മിശ്രമായ ജീവിതാനുഭവങ്ങളിൽ നിന്നും പാഠം പഠിച്ച് മുന്നേറാനുള്ള കരുത്ത് നാം ആർജ്ജിക്കണം. ദൈവദത്തമായ കഴിവുകളെ വളർത്തി യെടുക്കാനും സമൂഹത്തിനുപ്രയോജനപ്പെടുന്ന തരത്തിൽ വിനിയോഗി ക്കാനും നമുക്കാകണം. അങ്ങനെ പ്രതിബന്ധങ്ങളും തടസ്സങ്ങളും നമ്മെ പരാജയപ്പെടുത്താത്ത ഒരു നല്ല നാളേയ്ക്കായി നമ്മുക്ക് പ്രയത്നിക്കാം**



**ശ്രീനന്ദന എസ്**

**IX A**

LITTLE KITES

HOLY FAMILY G H S




നീയെൻ വാതിലിൽ മുട്ടിയപ്പോളെൻ ഹൃദയവിളക്കിൽ തിരിതെളിഞ്ഞു

അകലങ്ങളിലേക്ക് പാലായനം ചെയ്തു
രാവിന്റെ വീഥിയിൽ തെന്നലാം ചങ്ങാതിയെ
കൂട്ടുത്തേടി വാനിലേയ്ക്കുയരുന്ന നീ മന്ദമായി
നിന്നെ ബന്ധനസ്ഥയാക്കാൻ ചിന്തിച്ചെങ്കിലും നീ
നാണത്തോടെ ഓടിമറഞ്ഞില്ലേ !
നിദ്രയിലാണ്ടു പോയെൻ ജീവിതം തൊട്ടുണർത്തി
വസന്തത്തിൻ വിത്തുകൾ വാരി വിതറി
സ്വപ്നം വിടരും ഉദ്യാനമായെൻ അന്തരംഗം !
തളിരിട്ട കിനാവുകൾ അനുരാഗലോലമാം
നിൻ പ്രകാശത്തിൽ എത്തുവാനാശിച്ച
അലങ്കാരമാം അഗ്നിയെ മോഹിച്ചെൻ മനം
പായുന്നിതാ പിന്നാലെയെന്നും !



(അഞ്ജന പി.എസ്

HOLY FAMILY G H S



LITTLE

# മാറിക്കൊണ്ടിരിക്കുന്ന പ്രകൃതി

**മനുഷ്യൻ പ്രകൃതിയിൽ നിന്ന്**

**അകന്നുകൊണ്ടിരിക്കുന്നു.**

**പ്രകൃതിക്ക് സൗന്ദര്യം സൃഷ്ടിക്കുക മാത്രമല്ല ഒഴിച്ചു**

**കൂടാത്ത വേറെ പലജോലികളുമുണ്ട്.**

**വസന്തത്തിലൂടെ പുഞ്ചിരി തുകുന്ന പ്രകൃതി**

HOLY FAMILY G H S

ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തം പുരണ്ട ഉഗ്ര രൂപിണിയായും പ്രത്യക്ഷപ്പെടുന്നു. പ്രകൃതിയിൽ കേവലം സൗന്ദര്യം അസുലഭമാണ് . പലപ്പോഴും ഖനയിൽ നിന്ന് കുഴിച്ചെടുക്കുന്ന ലോഹം പോലെ പ്രകൃതി അസംഗതമായ മറ്റ് പലതിനോടും കലർന്നു സങ്കീർണമായിട്ടാണ് ആവിർഭവിക്കുക ഈ നാട്ടിലെ ഒരു നദിയുടെ സൗന്ദര്യം നാം ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ ആ നദിയുടെ തീരത്തിരുന്ന് ജലം മലിനമാകുന്നു. പ്രേരകമായ അനുഭൂതി സുന്ദരമായിരിക്കണമെന്നില്ല.അതുചിലപ്പൊൾ ബീഭത്സവും ചിലപ്പോൾ ശോകമായതും ആയിരുന്നേക്കാം.



(സോനാ മോൾ വർഗ്ഗീസ്)

HOLY FAMILY G H S



# ജീവന്റെ ഉത്ഭവം കടലിൽ

ഭൂമിയിൽ ജീവൻ ഉദ്ഭവിച്ചത് കടലിൽ നിന്നാണ്.

മിക്ക ശാസ്ത്രജ്ഞന്മാരുടെയും നിഗമനം. മുന്നൂറുകോടിൽ വർ ങ്ങൾക്കു മുമ്പ് സൂര്യന് ഇന്നത്തതിലും മുപ്പത് ശതമാനം കുറവായിരുന്നു പ്രകാശമെന്നത് അതുകൊണ്ട് അക്കാലത്ത് സമുദ്രങ്ങളുടെ ഉപരിതലം മുന്നുറുമീറ്റർ ആഴത്തിൽവരെ തണുത്തുറഞ്ഞ് കിടന്നിരിക്കാമെന്നും കരുതപ്പെടുന്നു. അകത്തും സമുദ്രങ്ങളുടെ ഉപരിതലം മുന്നൂറു മീറ്റർ ആഴത്തിൽ തണുത്തുറഞ്ഞ് കിടന്നിരിക്കാമെന്നും കരുതപ്പെടുന്നു അഥവാ സമുദ്രത്തിന്റ അടിത്തട്ടുകളിൽ ഉഷ്ണ ജലസ്രോതസ്സുകളുണ്ടാരുന്നതുകൊണ്ട് സമുദ്രോപരിതലത്തിനും അടിത്തട്ടിനുമടിയിൽ ജൈവപരമായ രാസപ്രക്രിയകളുള്ള അനുകൂലമായ

താപനിലയിലുള്ള ഇടങ്ങളിലാണ് തന്മാത്രതലത്തിൽ ജീവൻ രൂപംകൊണ്ടതെന്ന ഏറ്റവും പുതിയ ഒരു നിഗമനമുണ്ട്. സമുദ്രോപരിതലം ദിർഘകാലത്തേക്ക് ഉറഞ്ഞുകിടന്നതുകൊണ്ട് ജൈവവസ്തുക്കൾ ഹാനികരമായ വികിരണങ്ങൾ സമുദ്രത്തിനുള്ളിലേക്ക് ജിവന്റെ വ്യപനത്തേയും സഹായിച്ചിരിക്കണം.

പിൽക്കാലത്ത് രൂപം കൊണ്ട സമുദ്രത്തിന് നഷ്ട്ടമായ ഈ ഹിമകവചത്തിന്റെ സ്ഥാനം ഏറ്റെടുക്കുകയും അതിന്റെ തണലിൽ ജിവൻ വൈവിധ്യമേറിയ രൂപഭാവങ്ങളിലേക്ക് പരിണമിക്കുകയും ചെയ്തു എന്നാണ് കരുതപ്പെടുന്നത്.



**സ്നേഹ മരിയ ചാക്കോ**

**IX A**

LITTLE KITES



# മായാവർണങ്ങൾ

പടിഞ്ഞാറെ ചക്രവാളത്തിൽ
പൊൻ തിളക്കത്തിൻ പ്രഭ
മഹാസൂര്യൻ വിശ്രമസങ്കേതത്തിൽ
കടന്നുചെല്ലുന്ന നിമിഷങ്ങൾ
പക്ഷികൾ കൂട്ടത്തോടെ
കൂടണയും കാഴ്ച
ക്യാൻവാസിലെ ചിത്രം
പോൽ മനോഹരമായിരിക്കുന്നു

സമുദ്രത്തിൽ സ്നാനം ചെയ്യുന്ന
സൂര്യനോടൊപ്പം
രാത്രി ആരാധകർ
വാനിൽ തെളിഞ്ഞു
വരുന്നു.നിറഭേദങ്ങളുടെ സമാപ്തിയിൽ
ഒരൊറ്റ നിറം മാത്രം ശേഷിക്കുന്നു.
ഭീതിയുണർത്തുമെന്നാലും താര-
പ്പകിട്ടിൽ മികവാർന്ന കറുപ്പുനിറം.



ഷെൻസിമോൾ ഷൈബു
IX A

LITTLE KITES

HOLY FAMILY G H S

# മാറിക്കൊണ്ടിരിക്കുന്ന പ്രകൃതി



ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ മാലിന്യങ്ങളുടെ സ്വന്തം നാട് എന്നു പറയേണ്ട ദുരാവസ്ഥയാണ് മലയാളിക്ക് വന്നു ചേർ ന്നിരിക്കുന്നത്.കേരളത്തിലെ മിക്ക പാതയോരത്തിലും മാലിന്യങ്ങൾ തന്നെയാണ്. മാലിന്യത്തിൽ ഏറ്റവും മുന്നിൽ ഇന്നും പ്ലാസ്റ്റിക്ക് തന്നെ. ഒരിക്കലും മണ്ണിൽ ലയിച്ചുചേരാത്ത ഒന്നാണ് പ്ലാസ്റ്റിക്ക്. എന്നുമാത്രമല്ല, മണ്ണിന്റെ ജൈവഘടനയ്ക്ക് വിഘാതവുമാണത്. മണ്ണിന്റെ

സുഷിരങ്ങൾ അടച്ച് ജലപര്യയനം തടയുകയാണ് പ്ലാസ്റ്റിക്ക് ചെയ്യുന്ന കർമ്മം. ഫാക്ടറികളിൽ നിന്നു രണ്ടുതരം മാലിന്യങ്ങളാണ് വരുന്നത്. പുഴകൾ മലിനമാകുന്നതും അന്തരീക്ഷ വാതകം മാലിന്യമാകുന്നതും. നാടിനെ രക്ഷിക്കാൻ ശക്തമായ നിലപാടുകൾ നാം സ്വീകരിക്കേണ്ടതുണ്ട്. കൃഷിയിൽ നിന്ന് പരമാവധി ആദായം ലഭിക്കണമെന്ന ലക്ഷ്യത്തോടെ നാം രാസവളങ്ങളും കീടനാശിനികളും മറ്റും വകതിരിവില്ലാതെ ഉപയോഗപ്പെടുത്തുന്നു. അതിന്റെ ഫലമായി വായുവും വെള്ളവും മണ്ണും മലിനീകരിക്കപ്പെടുകയാണെന്ന് നാം മനസ്സിലാക്കുന്നില്ല. മനുഷ്യനും പ്രകൃതിയും തമ്മിൽ ആദാനപ്രധാനമനസ്ഥിതിയോട വേണം വികസനം സാധിക്കുകയെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. പരിസ്ഥിതിയെ ധിക്കരിച്ച് നടത്തുന്ന വികസനം താല്ക്കാലികമായി ചില നേട്ടങ്ങൾ ഉണ്ടാക്കിയെന്നുവരാം.എന്നാൽ ദീർഘകാലയളവിൽ അവ ഗുണങ്ങളെക്കാളും ദോഷങ്ങളാണ് ഉളവാക്കുക.ഭൂമുഖത്ത് മനുഷ്യവർഗ്ഗം

ഉദയം ചെയ്തതുമുതലേ പ്രകൃതിയെ ചൂഷണം ചെയ്യുന്ന പതിവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ആ പ്രവർത്തനങ്ങൾ പ്രകൃതിയുടെ തുലനാവസ്ഥയെ തകിടം മറിക്കുന്ന മട്ടിലായിരുന്നില്ല. മനുഷ്യൻ ഊർജ്ജസമ്പാദനത്തിനുവേണ്ട മരങ്ങൾ വെട്ടി നശിപ്പിച്ചു. വനനശീകരണവും മണ്ണൊലിപ്പും ഭൂമിയുടെ ഉർവ്വരതയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അന്തരീക്ഷ മലിനീകരണം പല മാരക രോഗങ്ങളും വിനകളും വിതച്ചുകൊണ്ടിരിക്കുകയാണ്. പലപ്പോഴും രാസവസ്തുക്കൾ മൂലം മൺതരികളിലുണ്ടാകുന്ന മാറ്റം ഭൂമിയിലെ ജലപ്രസരണത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്നു. പ്രകൃതിയുടെ സന്തുലിതശക്തി പരിപാലിക്കപ്പെട്ടില്ലെങ്കിൽ മനുഷ്യനും മറ്റു പല ജീവികളും ഭൂമുഖത്തു നിന്ന് തന്നെ തുടച്ചുമാറ്റപ്പെട്ടുവെന്നു വന്നേക്കാം. വാഹനങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നുമുള്ള പുകയും പൊടിയും മറ്റു മാലിന്യങ്ങളും മനുഷ്യനും സസ്യജാലങ്ങൾക്കുപോലും വിനയായിത്തീരുന്നു. അത്തരം മാലിന്യങ്ങളെ ശുദ്ധീകരിച്ചു പരിസ്ഥിതിയെ


നമ്മുക്ക് നിർമ്മലമാക്കാം. ആപൽക്കാരികളായ അദൃശ്യ രശ്മികളിൽ നിന്ന ഭൂമിയെ സംരക്ഷിക്കുന്നത് അന്തരീക്ഷത്തിലെ ഓസോൺ മേഖലയാണ്. അണുവിസ്ഫോടനവും രാസപരീക്ഷണവും കൊണ്ട് ഭൂമുഖം മലിനീകരിക്കപ്പെട്ടപ്പോൾ നമ്മുടെ ഓസോൺ പാളികൾക്കും ന്യൂനത സംഭവിച്ചു. ഓസോൺ പാളികകളുടെ  ഭദ്രത തകരാറിലാവുന്ന പക്ഷം ജീവജാലങ്ങൾക്കു നേരിടുന്ന വിപര്യങ്ങൾ എന്തെല്ലാമെന്ന പ്രവചിക്കുക വിഷമമാണ്. മാലിന്യങ്ങൾ കുറച്ചുക്കൊണ്ടു വരാനുള്ള മനോഭാവം കേരള ജനതയ്ക്ക് വേണം. മാലിന്യരഹിത സമൂഹത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ജനതയാണെങ്കൽ കേരളം മാലിന്യമുക്തമാകാൻ ഏറെ സമയം വേണ്ട...



ജോയ്സി ജോമോൻ

IX A


HOLY FAMILY G H S





# കൈറ്റിലൂടെ വിജയത്തിന്റെ പടവുകളിലേക്ക്....

ഹൈടെക് ക്ലാസുകളുടെ ഭാഗമായി ലിറ്റിൽ കൈറ്റ് എന്ന പഠനപദ്ധതി ഞങ്ങളുടെ സ്കൂളിലും പ്രവർത്തിച്ചു വരുന്നു.ഒൻപതാം കാസ്സിലെ ഇരുപതു പേർ അടങ്ങുന്ന ഒര് ഗ്രൂപ്പാണ് ഇതിന് നേതൃത്വം നൽകുന്നത്.എട്ടാം ക്ലാസ്സിലെ ഐ.റ്റി പുസ്തകത്തെ ആസ്പതമാക്കി ഒരു പരീക്ഷ ഉണ്ടായിരുന്നു.അതിൽ

മാർക്ക് അടിസ്ഥാനത്തിൽ തിരെഞ്ഞെടുത്ത ഇരുപതു പേരാണ് ഇതിന് അംഗത്വം വഹിക്കുന്നത്.എല്ലാ ബുധനാഴ്ചകളിലും ടീച്ചർമാരുടെ നേതൃത്വത്തിൽ ക്ലാസ്സ് ഉണ്ടായിരിക്കും ഞങ്ങൾ എല്ലാവരും എല്ലാ ക്ലാസ്സുകളിലും പങ്കെടുക്കുകയും ലഭിക്കുന്ന അറിവുക കുറിച്ചിടാനും മറക്കാറില്ല.ഞങ്ങളുടെ ക്ലാസ്സുകൾ ആരംഭിച്ചേയുള്ളൂ. അതുകൊണ്ടുതന്നെ ഞങ്ങൾ ആസ്വദിച്ച് തന്നെയാണ് പഠിക്കുന്നത്.നവമാധ്യമരംഗത്ത് കംപ്യൂട്ടറുകളുടെ ഉപയോഗം വർദ്ധിക്കുന്നതുകൊണ്ടുതന്നെ ഇതിനെക്കുറിച്ചറിയാൻ അഗ്രഹവും താല്പര്യവും കാണിക്കുന്നു. കംപ്യൂട്ടറിലുള്ള പല കാര്യങ്ങൾ അറിയാനും അതുമായി പരിചിതമാകാനും ഇതിലൂടെ ഞങ്ങൾക്ക് സാധിക്കുന്നു.ഇത്തരത്തിലുള്ള പഠനം ഞങ്ങളെ ഡിജിറ്റൽ യുഗമായി ബന്ധപ്പെടാൻ സഹായിക്കുന്നു.2018 ലെ മഹാ പ്രളയത്തിൽ ഞങ്ങളുടെ സ്കൂളി
ഞങ്ങളുടെ കംപ്യൂ
ബാധിച്ചു.കംപ്യൂട്ടറു
പഠനംനഷ്ടമായേ





HOLY FAMILY G H S

എത്തിയവർ ഞങ്ങ

ക്ക് കംപ്യൂട്ടറുകളും

തന്നു സഹായിച്ചു. അവരെ ഞങ്ങൾ എന്നും നന്ദിയോടെ ഓർക്കുന്നു. കംപ്യൂട്ടറിൽ വിജ്ഞാനം നേടുക എന്ന ലിറ്റിൽ കൈറ്റിന്റെ ലക്ഷ്യം ഞങ്ങളിലൂടെ പ്രാവർത്തികമാക്കാൻ ഞങ്ങൾ പരിശ്രമിച്ചുതുടങ്ങിയിരിക്കുന്നു. ഇതിനു അധ്യാപകർ ഞങ്ങളെ സഹായിക്കുന്നു.കംപ്യൂട്ടറിലെ പലമേഖലകളുമായി ഞങ്ങൾ സൗഹാർദ്ദം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ പുതിയ കാര്യങ്ങൾ അറിയാനുള്ള ആകാംഷ ഞങ്ങളിലെല്ലാവരിലും രൂപപെട്ടുതുടങ്ങിയിരിക്കുന്നു ഇതിൽ നിന്ന് ലഭിക്കുന്ന അറിവുകൾ ഞങ്ങളുടെ തുടർന്നുള്ള പഠനത്തെ സഹായിക്കുന്നതിൽ സംശയമില്ല.



ഷൈബി ബാബു

IX A

HOLY FAMILY G H S





# കടപ്പാട്

ഈ മാഗസ്സിന്റെ രചനയിൽ സഹായിച്ച എല്ലാ കൂട്ടുകാർക്കാരോടുമുള്ള നന്ദി ഞാൻ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. തങ്ങളുടെ അറിവും സ്നേഹവും ഞങ്ങൾക്ക് പകർന്ന് തന്ന കൈറ്റ് മിസ്ട്രസ്സായ സിസ്റ്റർ റോസ്മിക്കും ലിനി ടീച്ചർനും ഈ രചനാപദ്ധതിക്ക് സമൂർത്തമായെങ്കിലും എന്നും അപ്രഖ്യാപിതമായ പിന്തുണ നൽകിയ ഹെഡ് മിസ്ട്രസ്സ് അർച്ചന സിസ്റ്ററിനും ഞാൻ നന്ദി പറയുന്നു. എഡിറ്റോറിയൽ വിഭാഗത്തിൽ പെട്ട എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. അതുപോലെ തന്നെ ആർട്സ് വിഭാഗത്തിൽ സഹായിച്ച എല്ലാ കൂട്ടുകാർക്കും നന്ദി. ഈ മാഗസ്സിനെ സമ്പുഷ്ടമാക്കിയ നിരവധി നല്ല വ്യക്തികളുണ്ട്. അവർക്കെല്ലാം എന്റെ സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു.



HOLY FAMILY G H S



HOLY FAMILY G H S

LITTLE KITES

# നന്ദി.........